**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1457** **18-01-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര ജലപരിഷ്കരണനിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . വിൻസെൻറ് | | **Smt. J. Mercykutty Amma**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പ് വരുത്തുന്ന സമഗ്ര ജലപരിഷ്കരണനിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ; | (എ) | എ) മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം എന്ന പേരിൽ പുതിയ നിയമം കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കടലിൽ നിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യവില്പന അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ബി) ഉണ്ട്. കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കു വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കുന്നതിനും ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും വിൽപനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ടു വരുന്ന മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും ഹാർബർ മാനേജ്മെൻറ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി കൊണ്ടുവന്ന ഓർഡിനൻസിലെ നിബന്ധനകൾ മത്സ്യമേഖലക്ക് ദോഷകരമാണെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | സി). ഓർഡിനൻസിലെ നിബന്ധനകൾ മത്സ്യമേഖലയ്ക്ക് ദോഷകരമാണെന്ന ആശങ്കയ്ക്ക് യാതൊരുവിധ അടിസ്ഥാനവുമില്ല. എങ്കിലും മത്സ്യത്തൊഴി ലാളികളുടെ ഇടയിൽ ഈ ഓർഡിനൻസിനെക്കുറിച്ച് തെറ്റിദ്ധാരണകൾ, ആശങ്കകൾ നിക്ഷിപ്ത താല്പര്യക്കാർ |

| | | | | |
|---|---|---|---|---|
| | | | | പ്രചരിപ്പിച്ചുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ ആശങ്ക ദൂരീകരിക്കുന്നതിന് ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൃത്യമായി വിലയിരുത്തിയാൽ കഴിയും. കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കു വേണ്ടി വ്യവസ്ഥ ചെയ്യുന്ന തരത്തിലാണ് 2020 ൽ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്.<br>ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളിയെ മോചിപ്പിക്കുന്നതിന് മത്സ്യലേല കമ്മീഷൻ പരിമിതപ്പെടുത്തുന്നതിനും ലേലക്കാർ നിയമ വിധേയമായും അനുമതി പത്രത്തിലെ വ്യവസ്ഥകൾക്കനുസൃതമായും മാത്രം പ്രവർത്തിക്കുന്നതിന് അവസരമൊരുക്കുകയുമാണ് ഈ നിയമ നിർമ്മാണത്തിലൂടെ സാധ്യമാകുന്നത്.<br>മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുന്നത് തൊഴിലാളി പങ്കാളിത്തത്തോടെയാണെന്നത് മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിന് സഹായിക്കും. മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമായ യാതൊരുവിധ വ്യവസ്ഥകളും ഈ നിയമത്തിലില്ലായെന്നതാണ് യാഥാർത്ഥ്യം. |

സെക്ഷൻ ഓഫീസർ